പട്ടം ഏലായിലേക്ക് കൃഷിയാവശ്യത്തിന് വെള്ളം കൊണ്ടു പോകുന്ന ലീഡിംഗ് കനാൽ.

1327 [2132] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വേനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നന്തൻകോട് വാർഡിൽപ്പെട്ട ചാരാച്ചിറ കുളത്തിൽനിന്നും പട്ടം ഏലായിലേക്ക് കൃഷിയാവശ്യത്തിന് വെള്ളം കൊണ്ടുപോകുന്നതിനു വെട്ടിയിട്ടുള്ള ലീഡിംഗ് കനാൽ ഉപയോഗശൂന്യമായി കിടക്കുകയാണെന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലീഡിംഗ് കനാൽ നന്നാക്കുന്നതിനുള്ള ജോലി ടെൻഡർ കൊടുത്തിട്ട് പണി തുടങ്ങാതിരിക്കുന്നതിന്റെ കാരണം എന്താണ്;

(സി) പ്രസ്തുത ജോലിക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തിട്ടുണ്ടോ;

(ഡി) ഈ പ്രദേശത്തുള്ള കർഷകർക്ക് ഏറ്റവും അത്യാവശ്യമായ പ്രസ്തുത ലീഡിംഗ് കനാലിന്റെ പണി ഉടനടി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് ഒരു ക്ലാസ് - 2 ചെറുകിട ജലസേചന പദ്ധതിയാകയാൽ ജനപങ്കാളിത്തത്തോടുകൂടി നടത്തേണ്ടതാണ്. ജനപങ്കാളിത്തത്തോടുകൂടി ഈ പണി നടത്താനുള്ള എല്ലാ നടപടികളും വട്ടിയൂർക്കാവ് ബ്ലോക്ക് ഡെവലപ്പ്മെൻറ് ഓഫീസർ എടുത്തുകഴിഞ്ഞിട്ടുണ്ട്.

(സി) അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ജില്ലാകളക്ടർ കൊടുത്തിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

കരിയാർ സ്പിൽവേയുടെ പ്രവർത്തനങ്ങൾ

1328 [2133] ശ്രീ. എം.കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിലെ കരിയാർ സ്പിൽവേയുടെ പ്രവർത്തനങ്ങൾ ഇപ്പോഴും ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തു നടപടി സ്വീകരിച്ചു വരുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പണിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിക്കഴിഞ്ഞു. ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly